# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1580.

12-06-2019 ൽ മറുപടിയ്ക്ക്

## ഇരുപ്പൂകൃഷിക്ക് അനുവദിച്ച തുക

**ചോദ്യം**
ശ്രീ.മുരളി പെരുനെല്ലി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കി മാറ്റുന്നതിനായി 2018-19 വർഷം ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ; | (എ) | നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കി മാറ്റുന്നതിനായി 2018-19 വർഷം 1783.7554 ഹെക്ടർ കൃഷി ചെയ്യുന്നതിനു 177.98354 ലക്ഷം രൂപ ചെലവഴിച്ചു. |
| (ബി) | 2018-19 ൽ സംസ്ഥാനത്ത് ആകെ എത്ര ഹെക്ടറിൽ ഇരുപ്പൂകൃഷി ഇറക്കുകയുണ്ടായെന്ന് അറിയിക്കാമോ; | (ബി) | 2018-19 ൽ സംസ്ഥാനത്ത് 1783.7554 ഹെക്ടർ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂകൃഷി ചെയ്തു. |
| (സി) | മണലൂർ മണ്ഡലത്തിൽ 2018-19 ൽ എത്ര ഹെക്ടർ ഭൂമിയിൽ ഇരുപ്പൂകൃഷി ഇറക്കിയെന്നും അതിനായി എത്ര രൂപയുടെ ധനസഹായം അനുവദിച്ചെന്നും അറിയിക്കാമോ? | (സി) | മണലൂർ നിയോജകമണ്ഡലത്തിലെ അന്തിക്കാട് , മുല്ലശ്ശേരി ബ്ലോക്കുകൾ ചേർന്ന് ആകെ 817.864 ഹെക്ടർ ഭൂമിയിൽ ഇരുപ്പ കൃഷി ഇറക്കിയിരുന്നു. ഒരുപ്പ കൃഷി ഇരുപ്പവാക്കുന്നതിനുള്ള ആനുകൂല്യം ഉൾപ്പെടെ നെൽകൃഷി വികസന പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ ചേർന്ന് ഈ കർഷകർക്കായി 1,16,00,446/- (ഒരു കോടി പതിനാറു ലക്ഷത്തി നാനൂറ്റി നാൽപ്പത്തു രൂപ) ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ